# Malayala Manorama

## 15 August 2018

## Thiruvananthapuram: Flood Disaster, Manson Havoc



കാലവർഷക്കെടുതി

# സംസ്ഥാനത്ത് 8,316 കോടി രൂപയുടെ നാശനഷ്ടം

**38 മരണം, നാലുപേരെ കാണാതായി; ഇരുപതിനായിരത്തോളം വീടുകൾ തകർന്നു**

**മനോരമ ലേഖകൻ**

തിരുവനന്തപുരം● കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഏകദേശം 8,316 കോടി രൂപയുടെ നാശനഷ്ടമുണ്ടായെന്നാണു പ്രാഥമിക വിലയിരുത്തലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. നാശനഷ്ടങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും മന്ത്രിസഭ വിലയിരുത്തി. 1924നു ശേഷമുള്ള ഏറ്റവും വലിയ കാലവർഷക്കെടുതിയാണ് ഇത്തവണത്തേതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ഇതുവരെ 38 പേർ മരിക്കുകയും നാലുപേരെ കാണാതാവുകയും ചെയ്തു. ഏതാണ്ട് ഇരുപതിനായിരത്തോളം വീടുകൾ പൂർണമായി തകർന്നു. 439 ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. പതിനായിരത്തോളം കിലോമീറ്റർ മരാമത്ത് റോഡ് തകർന്നു. പ്രാദേശിക റോഡുകളും പാലങ്ങളും ഇതിനു പുറമേയാണ്. പല പാലങ്ങളും പുനർനിർമിക്കുകയോ ബലപ്പെടുത്തുകയോ ചെയ്യേണ്ടി വരും.

ചില പ്രദേശങ്ങൾ ഒറ്റപ്പെട്ടുപോയി. കാർഷികവിഭവങ്ങൾ വൻ തോതിൽ നശിച്ചു. സംസ്ഥാനത്ത് ആദ്യമാണ് 27 ഡാമുകൾ തുറന്നുവിടേണ്ടി വന്നത്. നദികൾ പലയിടത്തും ഗതിമാറി കരകവിഞ്ഞൊഴുകി. 215 സ്ഥലങ്ങളിൽ ഉരുൾപൊട്ടി. ഏക വരുമാനമാർഗമായിരുന്ന വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങളുമുണ്ട്. നഗരങ്ങളിൽ ജലവിതരണം തടസ്സപ്പെടുന്ന സ്ഥിതിയുണ്ടായി. ജലസംഭരണികൾ മലിനമാകുന്ന പ്രശ്നവുമുണ്ട്.

ഒട്ടേറെ വീടുകളിൽ വെള്ളം കയറുകയും തകരുകയും ചെയ്തു. രണ്ടാംഘട്ട കാലവർഷക്കെടുതിയെത്തുടർന്നു ക്യാംപുകളിൽ എത്തിയ അറുപതിനായിരത്തോളം പേരിൽ മുപ്പതിനായിരത്തോളം പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാംപുകളെ ആശ്രയിച്ചാണു കഴിയുന്നത്.

അവർ സാധാരണ ജീവിതത്തിലേക്കു മടങ്ങാൻ സമയമെടുക്കും. കിടപ്പാടവും, കൃഷിഭൂമിയും, കടകളും, വീട്ടുപകരണങ്ങളും, ജീവനോപാധികളും നഷ്ടപ്പെട്ട ഒട്ടേറെപ്പേരുണ്ട്.

താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ ഇപ്പോഴും വെള്ളവും ചെളിയും കെട്ടിക്കിടക്കുന്നു.

1220 കോടിയുടെ അടിയന്തര കേന്ദ്രസഹായം ആണ് ആവശ്യപ്പെട്ടത്. വീണ്ടും കേന്ദ്രസംഘത്തെ അയയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ നിധിയുടെ മാർഗ രേഖയിലെ പരിമിതി കണക്കിലെടുത്തു നഷ്ടത്തിന്റെ തീവ്രതയ്ക്കും വ്യാപ്തിക്കുമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും ഇതുവരെ സ്വീകരിച്ച നടപടികൾ മാതൃകാപരമാണ്. 100 കോടിയുടെ അടിയന്തര സഹായം പ്രഖ്യാപിച്ച നടപടി ഇതിന് ഉദാഹരണമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.